## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 763 — 30.01.2019-ൽ മറുപടിക്ക്

### ആദിവാസികളുടെ പരമ്പരാഗത ജീവിതശൈലിയിൽനിന്നുള്ള മാറ്റം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, കെ.എൻ.എ ഖാദർ<br>,, എം.ഉമ്മർ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പരമ്പരാഗത ഭക്ഷണശീലങ്ങളിൽ നിന്നും ആരോഗ്യകരമായ ജീവിത ശൈലിയിൽ നിന്നും ഉള്ള മാറ്റം അട്ടപ്പാടിയിലുൾപ്പെടെയുള്ള ആദിവാസികളുടെ ആരോഗ്യത്തെ ഏതെല്ലാം രീതിയിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നത് സർക്കാർ പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) | അട്ടപ്പാടിയിലെ ആദിവാസികളുടെ ഭക്ഷണ ശീലങ്ങളെ കുറിച്ച് ആധികാരിക പഠനം നടത്തിയിട്ടില്ല. പരമ്പരാഗത ഭക്ഷണശീലങ്ങളിൽ നിന്നുള്ള മാറ്റം ആദിവാസികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പൊതുവിഭാഗം ജനങ്ങളിൽ കണ്ടുവരുന്ന ജീവിതശൈലി രോഗങ്ങൾ ആദിവാസികളിലും കണ്ടുവരുന്നുണ്ട്. |
| ബി) | സർക്കാർ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ ആദിവാസികളുടെ പരമ്പരാഗത ജീവിതരീതിയുമായി പൊരുത്തപ്പെടുന്നതാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ ; | ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് പ്രാദേശികതലത്തിൽ വിളിച്ചുചേർക്കുന്ന ഊരുകൂട്ടങ്ങളിലാണ്. ഇവിടെ അവർ ഉന്നയിക്കുന്ന അവരുടെ തന്നെ ആവശ്യങ്ങളാണ് വിവിധ പദ്ധതികളായി രൂപാന്തരം പ്രാപിക്കുന്നത്. ഇവയെ ജില്ലാതല സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പുകൾ പരിശോധിച്ച് പദ്ധതി അംഗീകരിച്ച് നടപ്പിലാക്കുകയാണ് നടന്നു വരുന്നത്. ഇത്തരത്തിൽ പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത രീതിയുമായി പൊരുത്തപ്പെടുന്നതും അവരുടെ ജീവിതരീതിയുമായി പൊരുത്തപ്പെടുന്നതുമായ പദ്ധതികൾ തന്നെയാണ് നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| സി) | പുതിയ ശീലങ്ങൾ അടിച്ചേൽപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലൂടെയാണ് ആരോഗ്യകരമായ ജീവിതശൈലിയുണ്ടായിരുന്നവരിൽ പോലും പോഷകാഹാരക്കുറവുൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് ഇടയാക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | ആദിവാസിക്ഷേമം മുൻനിർത്തി ആസൂത്രണം ചെയ്യുന്ന സർക്കാർ പദ്ധതികൾ എല്ലാം തന്നെ പ്രസ്തുത മേഖലയുടെ പരമ്പരാഗത ജീവതരീതിയുമായും ആരോഗ്യശീലങ്ങളുമായും പൊരുത്തപ്പെടുന്നതാണെന്ന് ഉറപ്പു വരുത്തുന്നതിനും നിലവിലെ പദ്ധതികളിൽ അപ്രകാരം അനിവാര്യമായ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | ഡി) | നിലവിലുള്ള പദ്ധതി ആസൂത്രണ നയങ്ങളും നിബന്ധനകളും അനുസരിച്ച് പ്രാദേശിക തലത്തിൽ പദ്ധതി നടപ്പിലാക്കുമ്പോൾ പ്രസ്തുത മേഖലയുടെ പരമ്പരാഗത ജീവിതരീതിയുമായും ആരോഗ്യ ശീലങ്ങളുമായും പൊരുത്തപ്പെടുന്ന പദ്ധതികളാണ് ഊരുകൂട്ടങ്ങളിൽ ഉന്നയിക്കുന്നതും, ആയതിന് അനുസരിച്ച് ജില്ലാ/സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നതെന്നും ഉറപ്പ് വരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**